# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2011 | 06.02.2019 ൽ മറുപടിക്ക്

## സൈബർ തട്ടിപ്പുകൾ

**ചോദ്യം**

ശ്രീ.വി.ടി.ബൽറാം

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സൈബർ തട്ടിപ്പുകൾ കൂടിവരുന്ന പശ്ചാത്തലത്തിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(എ) നിലവിൽ കേരളത്തിൽ തിരുവനന്തപുരത്ത് ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ റെയ്ഞ്ച് അടിസ്ഥാനത്തിൽ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ കൂടി തുടങ്ങാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ജില്ലാ സൈബർ സെല്ലുകളും പോലീസ് ഹെഡ് ക്വാർട്ടേഴ്സിലെ ഹൈടെക് ക്രൈം എൻക്വയറി സെല്ലും, കഴക്കൂട്ടം ടെക്നോപാർക്ക് ആസ്ഥാനമാക്കി സൈബർ ഡോമും സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയുടെ കണക്ക് ചുവടെ ചേർത്തിട്ടുണ്ട്.

| | 2016 | 2017 | 2018 |
|---|---|---|---|
| സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം | 278 | 300 | 415 |

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി പൊതുജനങ്ങൾക്ക് ബോധവത്ക്കരണ ക്ലാസുകൾ നടത്താറുണ്ട്. സ്ത്രീകൾക്ക് വേണ്ടി സ്ത്രീ ശക്തി, കുടുംബശ്രീ, നിർഭയ തുടങ്ങിയ സ്ത്രീ കൂട്ടായ്മകളിൽ സൈബർ കുറ്റകൃത്യങ്ങളിൽ പെടാതിരിക്കുന്നതിനും, ശരിയായ രീതിയിൽ ഇന്റർനെറ്റ്, ഇ മെയിൽ, മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കുന്ന

തിനെപ്പറ്റിയും ക്ലാസുകൾ നൽകാറുണ്ട്. സ്കൂൾ കോളേജ് തലങ്ങളിൽ സൈബർ കുറ്റകൃത്യങ്ങളിൽ ഉൾപെടാതിരിക്കാനും ഇരയാകാതിരിക്കാനുമുള്ള പരിശീലനം നൽകി വരുന്നുണ്ട്. ആയതിന്റെ ഭാഗമായി **കിഡ്സ് ഗ്ലൗ** പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കും ഐ.ടി അദ്ധ്യാപകർക്കും ട്രെയിനിംഗ് നൽകിയിട്ടുണ്ട്. കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ജനമൈത്രി, എസ്.പി.സി പദ്ധതികളുടെ ഭാഗമായി സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട ബോധവത്ക്കരണ ക്ലാസുകൾ നടത്തി വരുന്നുണ്ട്. കൂടാതെ ഇത്തരം പരാതികൾ വരുന്ന മുറയ്ക്ക് അതത് സ്റ്റേഷനുകളിൽ പരാതികൾ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്ത് സത്വര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ബി) ഇത്തരം തട്ടിപ്പുകൾ കണ്ടെത്തുന്നതിനും അന്വേഷിക്കുന്നതിനുമായി സൈബർ പോലീസിനെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് പരാതികൾക്ക് Information Technology Act 2000, ബന്ധപ്പെട്ട IPC വകുപ്പുകൾ, കേരളാ പോലീസ് ആക്ട് തുടങ്ങിയ നിയമങ്ങൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തും കാര്യക്ഷമമായി അന്വേഷണം നടത്തിയും കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കത്തക്കവണ്ണം കുറ്റപത്രം സമർപ്പിച്ചും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ POCSO നിയമ പ്രകാരവും നിയമനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention against Women & Children പ്രോജക്ട് നടപ്പിലാക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകിയിട്ടുള്ളതാണ്. ഈ പദ്ധതിയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം വികസിപ്പിച്ചെടുത്ത സൈബർ ക്രൈം പോർട്ടലിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ സൈബർ സെൽ ആയി തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷനെയും, നോഡൽ ഓഫീസറായി ഐ.ജി.പി ക്രൈം ബ്രാഞ്ചിനേയും, ഗ്രീവൻസ് ഓഫീസറായി എ.ഡി.ജി.പി ക്രൈംബ്രാഞ്ചിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി

സൈബർ ഫോറൻസിക് ലാബ് ഉൾപ്പെടെ ഒരു ട്രെയിനിംഗ് സെന്റർ കേരളാ പോലീസ് അക്കാദമിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

കുട്ടികൾക്കെതിരെ ഓൺലൈൻ വഴിയുള്ള ലൈംഗികാതിക്രമങ്ങളും ചൂഷണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനുമായി Kerala Police Counter Child Sexual Exploitation (CCE) എന്ന പേരിൽ തിരുവനന്തപുരം റേഞ്ച് ഐ.ജി.പി നോഡൽ ഓഫീസറായും ഐ.ജി.പി ക്രൈംബ്രാഞ്ച്, തിരുവനന്തപുരം റേഞ്ചിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിലും ഒരു പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്.

(സി) എഞ്ചിനീയറിംഗ്, എം.സി.എ പോലുള്ള ടെക്നിക്കൽ പരീക്ഷായോഗ്യതയുള്ള പോലീസുകാരെ കൂടുതലായി ഉൾപ്പെടുത്തി സൈബർ പോലീസ് വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) സാങ്കേതിക രംഗത്തെ മുന്നേറ്റം ലക്ഷ്യമിട്ട് IT **Cadre** രൂപീകരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ SPC തലത്തിൽ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ